(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിശ്രമകേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്.

(ബി) 'വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സന്ദർശനാനുഭവം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി, സംസ്ഥാനത്തെ പ്രധാനപ്പെട്ട പാതയോരങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള ടോയ് ലറ്റുകൾ, കോഫീ ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, ക്ലോക്ക് റൂമുകൾ മുതലായവ അടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) അന്തർദേശീയ നിലവാരമുള്ള ടോയ് ലറ്റുകൾ, കോഫീ ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, ക്ലോക്ക് റൂമുകൾ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇ.എസ്.ഐ.മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ

1 (693) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പാരിപ്പള്ളിയിൽ ഇ.എസ്.ഐ. മെഡിക്കൽ കോളേജിനായി നിർമ്മിച്ച കെട്ടിടവും അനുബന്ധ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള തീരുമാനത്തിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ഭൂമിയും കെട്ടിടവും ഏറ്റെടുത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ ;

(സി) ഇ.എസ് ഐ. കോർപ്പറേഷനിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് ലഭ്യമാകുമായിരുന്ന ചികിത്സാ സൗജന്യവും അവരുടെ കുട്ടികളുടെ മെഡിക്കൽ വിദ്യാഭ്യാസ സംവരണവും നഷ്ടപ്പെടാതിരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാരിപ്പള്ളിയിലെ ഇ.എസ്.ഐ. സ്ഥാപനം ഏറ്റെടുക്കുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത സർക്കാർ കണക്കാക്കിയതിന്റെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ&ബി) കൊല്ലം പാരിപ്പള്ളിയിലെ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(സി&ഡി) മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതു സംബന്ധിച്ചും ജീവനക്കാരുടെയും അവരുടെ കുട്ടികളുടെയും നിലവിലുള്ള ചികിത്സ/പഠന ആനുകൂല്യങ്ങൾ നിലനിർത്തുന്നതു സംബന്ധിച്ചും ബന്ധപ്പെട്ടവരുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

ജ്യൂസ് പാർലറുകളിൽ രാസപരിശോധന

2 (694) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ബദാംഷേക്ക്, പിസ്ത, ഷാർജ തുടങ്ങിയ അനവധി നാമങ്ങളിൽ മാരക രോഗങ്ങൾക്ക് കാരണമാവുന്ന രാസപദാർത്ഥ ഫ്ലേവറുകൾചേർത്ത് പായ്ക്കറ്റിലാക്കി ജ്യൂസ് പാർലറുകൾ ജ്യൂസായും ചെറുകച്ചവട സ്ഥാപനങ്ങളിലൂടെയും വിറ്റഴിക്കുന്നത് കണ്ടെത്തി രാസപരിശോധന നടത്തി നടപടി സ്വീകരിക്കാൻ എല്ലാ പരിശോധനാ ഉദ്യോഗസ്ഥർക്കും അടിയന്തര നിർദ്ദേശം നൽകുമോ ?

ഉത്തരം

അനധികൃത രാസപദാർത്ഥ ഫ്ളേവറുകൾ ചേർത്ത് പാക്കറ്റിലാക്കി വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നടപടി എടുക്കുവാൻ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്ട് 2006 നിയമ പ്രകാരം ഇപ്പോൾ തന്നെ സംവിധാനം നിലവിലുണ്ട്.

ആന്റി റാബിസ് വാക്സിന്റെ ക്ഷാമം

3 (695) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ ആന്റി റാബിസ് വാക്സിൻ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly